**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 649** **11-06-2024 - ൽ മറുപടിയ്ക്ക്**

**കായംകുളം മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ വകുപ്പ് നടപ്പാക്കിയ പ്രധാന പദ്ധതികൾ ഏതൊക്കെയെന്നും പുതുതായി എത്ര തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ കഴിഞ്ഞുവെന്നും വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ മേഖലയിൽ 2,63,886 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. വ്യവസായ വകുപ്പ് നടപ്പാക്കിയ പ്രധാന പദ്ധതികൾ താഴെപ്പറയുന്നു.<br><br>(1). സംരംഭക വർഷം പദ്ധതി<br><br>(2). നിലവിലുള്ള എം. എസ്. എം. ഇ- കളെ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്ന് ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനു സഹായം നൽകുന്ന പദ്ധതി (Mission 1000).<br><br>(3). മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി<br><br>(4). തകർച്ച നേരിടുന്നതും പ്രവർത്തനരഹിതവുമായ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ, കശുവണ്ടി സംസ്കരണ യൂണിറ്റുകൾ എന്നിവയെ പുനഃരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി.<br><br>(5). ഒരു കുടുംബം ഒരു സംരംഭം പദ്ധതി.<br><br>(6).എന്റർപ്രണർഷിപ്പ് ഫെസിലിറ്റേഷൻ കാമ്പയിൻ<br><br>(7). പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്കീം<br><br>(8). കാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക്<br><br>(9).സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് ഇൻഷുറൻസ് പദ്ധതി<br><br>(10). മിഷൻ 1000 പദ്ധതി<br><br>(11). ഒരു തദ്ദേശ സ്ഥാപനം ഒരു ഉത്പന്നം പദ്ധതി<br><br>(12). കേരള ബ്രാൻഡ് ഉത്പന്നം |

| | | | |
|---|---|---|---|
| | | | (13). വാണിജ്യ മിഷൻ<br><br>ഈ സർക്കാർ അധികാരമേറ്റതിന് ശേഷം വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനമായ കിൻഫ്ര നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>സ്പൈസസ് പാർക്ക്, ഇടുക്കി<br><br>സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (ഘട്ടം - I), KFVP, തിരുവനന്തപുരം<br><br>സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (ഘട്ടം - II), KFVP, തിരുവനന്തപുരം<br><br>കിൻഫ്ര അഡ്വാൻസ് ഡ് ടെക്നോളജി പാർക്ക്, രാമനാട്ടുകര<br><br>സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി, KTIP, കാക്കഞ്ചേരി<br><br>യൂണിറ്റി മാൾ, തിരുവനന്തപുരം<br><br>ഇന്റർനാഷണൽ എക്സിബിഷൻ സെന്റർ, കാക്കനാട്<br><br>ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ, കാക്കനാട്<br><br>പൊതുമേഖല സ്ഥാപനമായ സിഡ്കോയുടെ വ്യവസായ എസ്റ്റേറ്റുകളിൽ എം.എസ്.എം.ഇ വ്യവസായ യൂണിറ്റുകൾ പുതുതായി ആരംഭിച്ചതും കൈമാറ്റം ചെയ്തതും വഴി വ്യവസായ മേഖലയിൽ ഏകദേശം 72 കോടിയിൽപരം രൂപയുടെ നിക്ഷേപവും 1574 തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ, കണ്ണൂർ ജില്ലയിലെ പാലയാട് വ്യവസായ എസ്റ്റേറ്റിന്റെ രണ്ടാം ഘട്ട നവീകരണം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്യുകയും ചെയ്തു.<br><br>കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ 229 പദ്ധതികൾക്കായി വായ്പസഹായം അനുവദിച്ചതിലൂടെ ഏകദേശം 8420 തൊഴിലവസരങ്ങൾ പ്രതീക്ഷിക്കുന്നു. |
| (ബി) | പ്രസ്തുത കാലയളവിൽ കായംകുളം മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ, അവയ്ക്കായി ചെലവഴിച്ച തുക, പദ്ധതികളുടെ നിലവിലെ പുരോഗതി എന്നിവ വിശദമാക്കാമോ? | (ബി) | <u>കായംകുളം മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ</u> :-<br><br>(1). പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി - 1,79,65,484/- രൂപ 73 യൂണിറ്റുകൾക്ക് അനുവദിച്ചു.<br><br>(2). സംരംഭക സഹായ പദ്ധതി - 1,37,95,766/- രൂപ 71 യൂണിറ്റുകൾക്ക് അനുവദിച്ചു. |

| | | | |
|---|---|---|---|
| | | | (3). നാനോ ഗാർഹിക പലിശ സബ്സിഡി പദ്ധതി - 96215/- രൂപ 11 യൂണിറ്റുകൾക്ക് അനുവദിച്ചു.<br><br>(4). നാനോ മാർജിൻ മണി ഗ്രാന്റ് - 16,86,382/- രൂപ 6 യൂണിറ്റുകൾക്ക് അനുവദിച്ചു.<br><br>(5). വ്യവസായ ഭദ്രത പലിശ സബ്സിഡി - 42,699/- രൂപ 8 യൂണിറ്റുകൾക്ക് അനുവദിച്ചു.<br><br>(6). ഒരു കുടുംബം ഒരു സംരംഭം പദ്ധതി - 1,52,115/- രൂപ 12 യൂണിറ്റുകൾക്ക് അനുവദിച്ചു.<br><br>(7). സൂക്ഷ്മ ഭക്ഷ്യ സംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി - 16,73,645/- രൂപ 9 യൂണിറ്റുകൾക്ക് അനുവദിച്ചു.<br><br>മുതുകുളം ബ്ലോക്ക് പഞ്ചായത്തിന്റെ ജനകീയാസൂത്രണ പദ്ധതി പ്രകാരം ഒരു വനിതാ ഭക്ഷ്യ സംസ്കരണ വിപണന യൂണിറ്റ് ഉദ്ഘാടനം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ